# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 3316 — 14-10-2011-ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിലെ ജീവനക്കാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡിൽ സാങ്കേതികവും ഇതരവുമായ എത്ര ജീവനക്കാർ ഇപ്പോൾ ഉണ്ട്; | (എ) | വൈദ്യുതി ബോർഡിൽ സാങ്കേതിക വിഭാഗത്തിൽ 23952 പേരും ഇതര വിഭാഗത്തിൽ (മിനിസ്റ്റീരിയൽ വിഭാഗത്തിൽ) 6426 പേരും ഉണ്ട്. |
| (ബി) | ഇവരുടെ ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കുമായി പ്രതിമാസം എത്ര രൂപ വേണ്ടിവരുന്നുണ്ട്; | (ബി) | 2009-10-ലെ ആഡിറ്റ് ചെയ്ത വാർഷിക കണക്കുപ്രകാരം പ്രസ്തുത സാമ്പത്തിക വർഷം ശമ്പളം ഡി.എ, അലവൻസുകൾ, ബോണസ് എന്നീ വകയിൽ 847.22 കോടി രൂപ ബോർഡിന് ചെലവായിട്ടുണ്ട് . ഇപ്രകാരം പ്രതിമാസം ശരാശരി 70.60 കോടി രൂപ 2009-10 സാമ്പത്തിക വർഷം ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കുമായി ചെലവായിട്ടുണ്ട്. ഇതിനുപുറമേ 2009-10 സാമ്പത്തിക വർഷം പ്രതിമാസം ശരാശരി 50.36 കോടി രൂപ പെൻഷനായും ചെലവായിട്ടുണ്ട്. |
| (സി) | ബോർഡിൽ താല്ക്കാലിക ജീവനക്കാർ, ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ എത്ര പേർ; | (സി) | 20 പേർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. |
| (ഡി) | വൈദ്യുതി വിൽക്കുന്നതിലൂടെയും മറ്റിതര മാർഗ്ഗങ്ങളിലൂടെയും ഇലക്ട്രിസിറ്റി ബോർഡിന് പ്രതിമാസം എന്തു വരുമാനമാണ് ലഭിക്കുന്നത്; | (ഡി) | 2009-10 ലെ ആഡിറ്റ് ചെയ്ത വാർഷിക കണക്കുപ്രകാരം വൈദ്യുതി വിൽക്കുന്നതിലൂടെയും മറ്റിതര മാർഗ്ഗങ്ങളിലൂടെയും വൈദ്യുതി ബോർഡിന് പ്രസ്തുത വർഷം 5183.86 കോടി രൂപ വരുമാനമുണ്ടായി. ഇപ്രകാരം പ്രതിമാസം ശരാശരി 431.99 കോടി രൂപ 2009-10 സാമ്പത്തിക വർഷം വൈദ്യുതി ബോർഡിന് ലഭിച്ചു. |
| (ഇ) | പെൻഷൻ പറ്റിയ ജീവനക്കാർ ഇപ്പോഴും ബോർഡുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നുണ്ടോ ? | (ഇ) | പെൻഷൻ പറ്റിയ ജീവനക്കാരെ ബോർഡിലെ ജോലി ചെയ്യുന്നതിലേക്കായി നിയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.